# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 249 06.01.2014-ൽ മറുപടിയ്ക്ക്

## സോളാർ തട്ടിപ്പ് കേസിലെ ഉന്നതരുടെ പങ്കം ശ്രീമതി സരിത എസ് നായരുടെ മൊഴിയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സോളാർ തട്ടിപ്പ കേസിൽ ഉന്നതരുടെ പങ്കം പ്രധാന പ്രതി ശ്രീമതി സരിത എസ് നായരുമായി ഇവർക്കുള്ള ബന്ധവും വെളിപ്പെടുത്തുന്നതായ മൊഴി അട്ടിമറിക്കപ്പെട്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പത്തനംതിട്ട ജില്ലാ ജയിൽ സൂപ്രണ്ട്, ശ്രീമതി സരിതയുടെ 21 പേജുള്ള കുറിപ്പ് അഭിഭാഷകൻ ഫെനി ബാലകൃഷ്ണന് നല്കിയിട്ടുണ്ടായിരുന്നുവോ; പ്രസ്തുത മൊഴി അതേ പടി കോടതിയിൽ എത്തിയിട്ടുള്ളതായി അറിയാമോ; | (ബി) | കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കൂടുതൽ വിവരം വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (സി) | പ്രസ്തുത സ്റ്റേറ്റ്മെന്റ് കോടതിയിൽ എത്താതിരിക്കുന്നതിനും പുറത്തറിയാതിരിക്കുന്നതിനും അട്ടിമറിക്കുന്ന ശ്രമിച്ചവരെയും അതിനായി നടന്ന ഗൂഡാലോചനയേയും സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്; ഇത്തരമൊരു സ്റ്റേറ്റ്മെന്റിനെകുറിച്ച് അറിഞ്ഞ ഉടൻ അന്വേഷണ സംഘം അതിനെകുറിച്ച് അന്വേഷിക്കുന്നതിന് തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്? | (സി) | വഞ്ചന, വിശ്വാസ വഞ്ചന, ഗൂഡാലോചന തുടങ്ങിയ കുറ്റകൃത്യങ്ങളാണ് അന്വേഷിച്ചിട്ടുള്ളത്. ആയതിലേയ്ക്ക് പ്രസക്തമായ തെളിവുകൾ നിയമാനുസരണം ശേഖരിയ്ക്കുകയും ചെയ്തിട്ടുണ്ട്. കേസുകൾ കോടതിയുടെ പരിഗണനയിലായതിനാൽ തെളിവുകളുടെ വിശദാംശം നൽകാനാവില്ല. |

സെക്ഷൻ ഓഫീസർ